വിവിധ മേഖലകളിൽ പുതിയ കോളേജുകൾ സ്ഥാപിക്കുന്നതിന് എൻ. ഒ. സി. നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

മെഡിക്കൽ കോളേജുകൾ (അനുബന്ധം-III)†	..	48
എഞ്ചിനീയറിംഗ് കോളേജുകൾ (അനുബന്ധം-IV)†	..	89
എം. ബി. എ. സ്ഥാപനങ്ങൾ (അനുബന്ധം-V)†	..	63
എം. സി. എ. കോളേജുകൾ (അനുബന്ധം-VI)†	..	89
ബി. എഡ്. കോളേജുകൾ (അനുബന്ധം-VII)†	..	10+64

റ്റി. റ്റി. ഐ./സി. ബി. എസ്. ഇ. സ്കൂളുകൾ തുടങ്ങാൻ എൻ. ഒ. സി. നൽകിയത് സംബന്ധിച്ചുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) കോഴ്സുകളുടെ സാദ്ധ്യതാ പഠനം നടത്തി, കോഴ്സുകൾ ആരംഭിക്കുവാൻ ആഗ്രഹിക്കുന്നവരിൽ നിന്നും അപേക്ഷ ക്ഷണിച്ച് സമഗ്രമായി പരിശോധന നടത്തിയതിനുശേഷം മാത്രമാണ് സംസ്ഥാന സർക്കാർ, എൻ. ഒ. സി. നൽകിവരുന്നത്.

(സി) എഞ്ചിനീയറിംഗ് കോളേജുകൾ, മെഡിക്കൽ കോളേജുകൾ, എം. ബി. എ. സ്ഥാപനങ്ങൾ, എം. സി. എ. സ്ഥാപനങ്ങൾ എന്നിവയ്ക്ക് അപേക്ഷിച്ച എല്ലാവർക്കും എൻ. ഒ. സി. നൽകിയിട്ടുണ്ട്. ബി. എഡ്. കോളേജുകൾ തുടങ്ങുന്നതിന് എൻ. ഒ. സി. ക്കായി ലഭിച്ച 291 അപേക്ഷകരിൽ 64 പേർക്ക് എൻ. ഒ. സി. നൽകിയിട്ടുണ്ട്.

(ഡി) പ്രത്യേകം അപേക്ഷ ക്ഷണിക്കാതെ ഒരു കോഴ്സുകൾക്കും എൻ. ഒ. സി. നൽകിയിട്ടില്ല.

കോഴ്സുകൾ ആരംഭിക്കുന്നതിന് എൻ. ഒ. സി. ലഭിക്കുന്നതിന് നൽകിയ അപേക്ഷകൾ

128 [680] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ കോഴ്സുകൾ ആരംഭിക്കുന്നതിന് എൻ. ഒ. സി. ലഭിക്കേണ്ടതിലേക്ക് വിദ്യാഭ്യാസ വകുപ്പിൽ ഏതെല്ലാം കോഴ്സുകൾക്ക് എത്ര അപേക്ഷ വീതം ഓരോ വർഷവും ലഭിക്കുകയുണ്ടായി; ഇവയിൽ എൻ. ഒ. സി. നൽകിയവ എത്ര; തള്ളിയവ എത്ര;

(ബി) അപേക്ഷിച്ച എല്ലാവർക്കും സർക്കാർ എൻ. ഒ. സി. നൽകിയിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അപേക്ഷിച്ച എല്ലാവർക്കും എൻ. ഒ. സി. നൽകാതിരുന്നത് ഏതെല്ലാം കോഴ്സുകളുടെ കാര്യത്തിലാണെന്ന് വിശദമാക്കാമോ;

(ഡി) ഇപ്പോഴും സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന അപേക്ഷകൾ എത്ര യെന്ന് കോഴ്സുകളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

ഉത്തരം

(എ, ബി) ആർട്സ് ആന്റ് സയൻസ് കോഴ്സുകൾക്ക് എൻ. ഒ. സി. നൽകാറില്ല. ബന്ധപ്പെട്ട യൂണിവേഴ്സിറ്റികൾ ശുപാർശ ചെയ്യുന്ന മുറയ്ക്ക് കോഴ്സ് അനുവദിക്കുക യാണ് ചെയ്തുവരുന്നത്. എം. എഡ്. കോഴ്സ് ആരംഭിക്കുന്നതിന് എൻ. ഒ. സി.- ക്കായി 5 അപേക്ഷകൾ ലഭിച്ചിരുന്നു. തൽക്കാലം എം. എഡ്. കോഴ്സ് ഒരിടത്തും പുതുതായി അനുവദിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. വിവിധ എഞ്ചിനീയറിംഗ് കോഴ്സുകൾക്കായി 2003-2004-ൽ 27 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും, 2004-2005 വർഷത്തേക്ക് 42 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് അപേക്ഷിച്ച എല്ലാ വർക്കും എൻ. ഒ. സി. നൽകിയിട്ടുണ്ട്. ലാ കോളേജുകൾ ആരംഭിക്കുന്നതിന് 2001-ൽ 6-ഉം 2002-ൽ 1-ഉം 2003-ൽ 9-ഉം 2004-ൽ 4-ഉം അപേക്ഷകൾ എൻ. ഒ. സി.-ക്കായി ലഭി ച്ചിട്ടുണ്ട്, അവയിൽ ബാർ കൗൺസിൽ ഓഫ് കേരള ട്രസ്റ്റിന്റെ കീഴിൽ എറണാകുളത്ത് ലാ കോളേജ് തുടങ്ങുന്നതിന് 2002-ൽ എൻ. ഒ. സി. നൽകിയിട്ടുണ്ട്.

(സി) എം. എഡ്. കോഴ്സിന്റെ കാര്യത്തിൽ ആർക്കും എൻ. ഒ. സി. നൽകിയിട്ടില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ

129 [681] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, എം. കുമാരൻ:
,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്ന തിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) 2004-2005 അദ്ധ്യയന വർഷത്തിൽ സ്വകാര്യമേഖലയിൽ എത്ര സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്ത മാക്കാമോ; ഇതിനായി എത്ര സ്ഥാപനങ്ങൾക്ക് എൻ. ഒ. സി. നൽകിയിട്ടുണ്ട്;

(സി) എത്ര ബി. എഡ്. കോളേജുകൾ സംസ്ഥാനത്ത് തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly